പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4708 — 26.10.2016-ൽ മറുപടിക്ക്.

## സ്റ്റാഫ് നേഴ്സ് ഉൾപ്പെടെയുള്ള പാരാ മെഡിക്കൽ ജീവനക്കാരുടെ മിനിമം ശമ്പളം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.അനൂപ് ജേക്കബ് | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) | സ്വകാര്യ ഹോസ്പിറ്റലുകളിലെ സ്റ്റാഫ് നേഴ്സ് ഉൾപ്പെടെയുള്ള പാരാ മെഡിക്കൽ ജീവനക്കാർക്ക് മിനിമം ശമ്പളം നൽകണമെന്ന ഉത്തരവുകൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും കൂലി നിരക്കുകൾ പുതുക്കി നിശ്ചയിച്ചി ച്ചുകൊണ്ടുള്ള 05.11.2013-ലെ സ.ഉ (എം.എസ്) നമ്പർ. 135/2013/തൊഴിൽ നമ്പർ ഉത്തരവ് അനുബന്ധമായി 1-ൽ ചേർക്കുന്നു. |
| (ബി) | സ്വകാര്യ ഹോസ്പിറ്റലുകളിലെ സ്റ്റാഫ് നേഴ്സ് ഉൾപ്പെടെയുള്ള പാരാ മെഡിക്കൽ ജീവനക്കാർക്ക് ഇപ്പോൾ ലഭിക്കുന്ന മിനിമം ശമ്പളത്തിന്റെ വിശദാംശം നൽകുമോ; | (ബി) | വിശദാംശം അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു. |
| (സി) | ഹോസ്പിറ്റലുകളുടെ വലിപ്പത്തിന് (രോഗികളുടെ എണ്ണം) അനുസരിച്ച് ജീവനക്കാരുടെ മിനിമം ശമ്പളത്തിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | ആശുപത്രികളുടെ വലിപ്പത്തിനനുസരിച്ച് തൊഴിലാളികളുടെ അടിസ്ഥാന കൂലിയിൽ വ്യത്യാസം വരുത്തിയിട്ടില്ല. എന്നാൽ കൂടുതൽ വലിപ്പമുള്ള (രോഗികൾ ഉള്ള) ആശുപത്രികളിലെ ജീവനക്കാർക്ക് കൂടുതൽ വേതനം ലഭിക്കുന്ന രീതിയിൽ സ്പെഷ്യൽ അലവൻസ് ഏർപ്പെടുത്തിയിട്ടുണ്ട് |
| (ഡി) | ഗവൺമെന്റ് നിർദ്ദേശിച്ച മിനിമം ശമ്പളം നൽകാത്ത ഹോസ്പിറ്റലുകൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനമൊട്ടാകെ 57 സ്വകാര്യ ആശുപത്രികൾ മിനിമം വേതനം നടപ്പാക്കുന്നില്ല എന്ന് കണ്ടെത്തിയിട്ടു ണ്ട്. |
| (ഇ) | ഇത്തരം ഹോസ്പിറ്റലുകൾക്ക് എതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ഇ) | മേൽപ്പറഞ്ഞ പ്രകാരമുള്ള ആശുപത്രികൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട് |

| | | | |
|---|---|---|---|
| (എഫ്) | സ്റ്റാഫ് നേഴ്സ് ഉൾപ്പെടെയുള്ള പാരാ മെഡിക്കൽ ജീവനക്കാരുടെ ജോലി സമയം എത്ര മണിക്കൂർ വീതം ആണെന്ന് വ്യക്തമാക്കുമോ; | (എഫ്) | സംസ്ഥാനത്തെ സ്വകാര്യ ആശുപ- ത്രികൾ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റിന്റെ പരിധിയിൽ വരുന്നവയാണ്. കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1960–ന്റെ വ്യവസ്ഥകൾ പ്രകാരം ജീവന ക്കാരുടെ ജോലി സമയം 8 മണിക്കൂർ ആണ്. ഇത് സ്പ്രെഡ് ഓവർ ടൈം ഉൾപ്പെടെ 10.30 മണിക്കൂർ ആയി നിജപ്പെടുത്തിയിട്ടുണ്ട് |
| (ജി) | ഗവൺമെന്റ് ഹോസ്പിറ്റൽ ഉൾപ്പെടെ രോഗി-സ്റ്റാഫ് നേഴ്സ് അനുപാതം എത്രയെന്ന് വിശദമാക്കുമോ? | (ജി) | ജനറൽ വാർഡ്- 4:1 (3 ഷിഫ്റ്റുകളിൽ)<br>ഐ.സി.യു. - 1:1 (3 ഷിഫ്റ്റുകളിൽ)<br>എന്നിരുന്നാലും നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ 40 മുതൽ 100 വരെയുള്ള രോഗികൾക്ക് 1 സ്റ്റാഫ് നേഴ്സ് എന്ന രീതിയിലാണ് പ്രവർത്തിക്കുന്നത്.ഐ.സി.യുവിൽ 4:1 എന്ന അനുപാതത്തിലാണ് പ്രവർത്തിക്കുന്നത് . |

സെക്ഷൻ ഓഫീസർ